മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കുവാൻ വിരോധമില്ല. പക്ഷെ അതുകൊണ്ട് ഫലമുണ്ടാകുമെന്ന് തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ: ഈ കാര്യം ഒന്നു സീരിയസ്സായിട്ട് അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവർമ്മെണ്ട് അന്വേഷണം നടത്താവുള്ള കാര്യങ്ങളൊടക്കെ സീരിയസ്സായിട്ടാണ്.

NOTE PUBLISHED IN THE GOMATHI, DATED 8th NOVEMBER 1945

428. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(a) have the Government seen a note entitled "അധികൃതന്മാരുടെ ശ്രദ്ധക്ക്" published in the issue of the "Gomathi", dated 8th November 1945;

(*b*) have they made any enquiry into the matter mentioned therein; if so, with what result?

Mr. Parambi Lonappen *(Minister for Rural Development):*

(a) Yes.

(*b*) Yes. On referring the matter to the Assistant Supply Officer at Irinjalakkuda and Cochin, it is reported that no such incident has taken place. The Agricultural Inspector, Mukundapuram, states that he does not remember anybody having approached him for the issue of permit for transport of cotton seed. The Director of Agriculture is the authority to issue permits for the transport of cattle food.

മിസ്റ്റർ പി. എ. മുഹമ്മദ് "അഷറാപ്പ്": ഗോമതിയിൽ കണ്ട ആ ലേഖനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാൻ ആ ലേഖനം ഇവിടെ വായിക്കാം. "അധികൃതരുടെ ശ്രദ്ധയ്ക്ക്" ഇരിങ്ങാലക്കുടയിൽനിന്നും ചില കച്ചവടക്കാർ പരുത്തിക്കുരു വാങ്ങിക്കുന്നതിനു കൊച്ചിയിൽചെന്ന് അവിടത്തെ സപ്ലൈ ആഫീസ്സരോട് പെർമിറ്റ് ആവശ്യപ്പെട്ടപ്പോൾ ഇരിങ്ങാലക്കുട സപ്ലൈ ആഫീസ്സിക്കാണ് പെർമിറ്റ് കൊടുക്കുവാനുള്ള അധികാരമെന്നു പറഞ്ഞ് മടക്കി അയച്ചു. ഇവിടെവന്നു ആവശ്യപ്പെട്ടപ്പോൾ ഇവിടത്തെ ആഫീസ്സിൽ അധികാരമില്ലെന്നു പറയുന്നു. കൃഷിവകുപ്പ് ക്ലാക്കായിരിക്കും അധികാരമെന്നു കരുതി അവരോട് ആവശ്യപ്പെട്ടപ്പോൾ അവക്ക് ഇതിനെപ്പറ്റിയൊന്നും അറിഞ്ഞുകൂടാ. അതുകൊണ്ട് പരുത്തിക്കുരു വാങ്ങിക്കുന്നതിനു പെർമിറ്റ് കൊടുക്കുന്നതു് ഏതു വകുപ്പുകാരാണ് എന്നുള്ള കാര്യം ബഹുമാനപ്പെട്ട ഗവർമ്മെണ്ടു വിശദീകരിക്കുന്നതായാൽ ജനങ്ങൾക്ക് ഇത്തരത്തിൽ ബുദ്ധിമുട്ടിനു ഇടവരുന്നതല്ല."

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അഗ്രികൾച്ചർ ഡിപ്പാർട്ടുമെണ്ടിനല്ലെ പെർമിറ്റ് കൊടുക്കുവാനുള്ള അധികാരം?

മിസ്റ്റർ പറമ്പിലോനപ്പൻ: അതിനെപ്പറ്റി അന്വേഷിച്ചതിൽ വിവരമായിട്ട് ഒന്നും അറിയുന്നില്ല.

Mr. P. K. Dewer *(Nominated):* It is replied by the Assistant Supply Officer that no such incident has taken place, but the Agricultural Inspector does not say so; he says that he does not remember. Why is it that he is not able to say that in the same manner as the Assistant Supply Officer.

Mr. Parambi Lonappen *(Minister for Rural Development):* His power of memory might not be as great. The article does not say that it was a written application. It only says 'somebody'. It does not even say who that officer is.

Mr. P. K. Dewer *(Nominated):* Why is the Agricultural Inspector unable to deny that application has been made to him?

Mr. Parambi Lonappen *(Minister for Rural Development):* There is no written application and therefore he can only say from his memory.

Mr. P. K. Dewer *(Nominated):* The answer given would make people infer that probably there has been an application.

Mr. Parambi Lonappen *(Minister for Rural Develpment):* He was not so assertive as some others are. In order that he may not be found fault with subsequently, probably this Agricultural Inspector being a cautious man stated that be could not remember.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. S. Panicker *(Ezhuvas-Trichur)*: Who was that Agricultural Inspector?

Mr. Parambi Lonappen *(Minister for Rural Development)*: I don't know the name; I can't give you the name.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റോഫ്: ഈ ലേഖനത്തിന്റെ കർത്താവ് ആരാണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആരാണെന്ന് അറിഞ്ഞുകൂടാ. ഒരു പെരെന്നാണ് എഴുതിയിരിക്കുന്നത്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇരിങ്ങാലക്കുടയിൽ ഇതു് കിട്ടാതെ വന്നിട്ടുള്ളതിനെപ്പറ്റി അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഇതുപോലെയുള്ള പല സാധനങ്ങളും ഇരിങ്ങാലക്കുടയിൽ കിട്ടാൻ വിഷമമുള്ളതിനെപ്പറ്റി അറിയാമോ?

Mr. Parambi Lonappen *(Minister for Rural Development)*: That is a general sweeping assertion.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഇതുപോലെ കായ്ഫലങ്ങളെക്കുറിച്ചു് കടലാസ്സിൽ ഉണ്ടായിരുന്നതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എതു് കടലാസ്സിലാണ്, ഏതു് തിയ്യതിയിലുള്ള കടലാസിലാണ്, ഇതൊന്നും അറിയാതെ എങ്ങിനെയാണ് അന്വേഷിക്കുക.

Mr. P. Achutha Menon *(Kattur)*: How can the Hon'ble Minister say that it is a sweeping assertion?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇരിങ്ങാലക്കുട ആവശ്യമുള്ള സാധനങ്ങളും കിട്ടാത്ത ഒരു രാജ്യമല്ലായെന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

മിസ്റ്റർ പറമ്പിലോനപ്പൻ: അവിടെ ആവശ്യമുള്ള സാധനങ്ങളും കിട്ടാത്ത ഒരു സ്ഥലമാണെന്ന് എനിക്കു തോന്നുന്നില്ല.

PANCHAYATS ROADS—LENGTH OF—NEMMARA AND AYALORE PANCHAYATS

429. Mr. P. Natarajan Chettiar *(Nemmara)*: Will Government be pleased to state.—

(a) what is the total length of the Panchayat Roads in each of the Panchayats areas of Nemmara and Ayalore;

(*b*) what is the total yearly allotment for maintaining the roads in each of these panchayats;

(c) what is the average allotment for maintaining a mile of the road in each of these panchayaths?

Mr. Parambi Lonappen *(Minister for Rural Development)*:

(a)	(1) Nemmara	8 miles 2 furlongs
	(2) Ayalur	13 miles 1 furlong
(*b*)	(1) Nemmara	Rs. 422
	(2) Ayalur	Rs. 670
(c)	(1) Nemmara	About Rs. 52
	(2) Ayalur	About Rs. 51

മിസ്റ്റർ പി. നടരാജൻ ചെട്ടിയാർ: ഒരു കാര്യം. ഒരു മയിൽ റോഡ് ശരിയാക്കുന്നതിനു് അനുവദിച്ചാൽ അതു് നടത്തുവാൻ സാധ്യമാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: രൂപ കൂടുതൽ കൊടുത്താൽ കുറെകൂടി ഭംഗിയായിട്ടു ചെയ്യാം. പണമില്ലാത്ത വിഷമതയുണ്ട്.

മിസ്റ്റർ പി. നടരാജൻ ചെട്ടിയാർ: ഇവിടെ ഒരു മയിൽ റോഡു് ഉണ്ടാക്കുന്നതിനു് എത്ര രൂപയാണ് അനുവദിച്ചു കൊടുക്കുന്നതെന്നു് പറയാമോ?

Mr. Prambi Lonappen *(Minister for Rural Development)*: I want notice.

LIBRARY ARCHIVES Kerala Legislative Assembly